QP CODE: 22101112

22101112

Reg No : ....................

Name : ....................

# B.A DEGREE (CBCS) REGULAR / REAPPEARANCE EXAMINATIONS, APRIL 2022

## Sixth Semester

## CORE - ML6CRT10 - PRACHEENA SAAHITHYAM

Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing & B.A Malayalam Language and Literature Model II Copy Writing

2017 Admission Onwards

67256FE5

Time: 3 Hours Max. Marks : 80

***Instructions to Private candidates only:*** *This question paper contains two sections. Answer* ***SECTION I*** *questions in the answer-book provided.* ***SECTION II,*** *Internal examination questions must be answered in the question paper itself. Follow the detailed instructions given under* ***SECTION II***

## SECTION I

### പാർട്ട് എ

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും* ***പത്തു*** *ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും* ***2*** *മാർക്ക് വീതം.*

1. “തേനോടിയലുമെൻ മൊഴിയാളത്തേവിക്കിഴവി”- ആര്  ?സൂചിതമെന്ത്?
2. “വിഘ്നോ വിഘ്നപ്രശാന്തിം പ്രദിശതു ” - വിവരിക്കുക.
3. തരിസാപ്പള്ളി ശാസനത്തെപ്പറ്റി കുറിപ്പു തയ്യാറാക്കുക.
4. അശ്രുജലംകൊണ്ട് കടൽ കലങ്ങിയതെങ്ങനെ ?
5. ഉത്തമമണിപ്രവാളം എന്തെന്ന് വ്യക്തമാക്കുക.?
6. ഉണ്ണുനീലി സന്ദേശത്തിലെ മാർഗ്ഗവർണ്ണനയുടെ  പ്രാധാന്യമെന്ത് ?
7. “ചന്ദനംകൊണ്ടാ” എന്ന ലഘുവാക്യം മണിപ്രവാളമായി തീരുന്നതെങ്ങനെ ?
8. മാധവപ്പണിക്കർ മലയാളത്തിന് നല്കിയ കൃതികൾ ഏതെല്ലാം ?
9. കണ്ണശ്ശകവികൾ ആരെല്ലാം ?
10. “വായുഭഗവാന് പുത്രനായ ഭീമസേനന് കുശലമോ ? ”   - സൂചിതമെന്ത് ?
11. “നിഘണ്ടുവിനും വ്യാകരണത്തിനും പ്രയോഗംതന്നെയാണല്ലോ മൂലം” -

വിവരിക്കുക.

12. കുറിപ്പ് തയ്യാറാക്കുക- നമ്പ്യാൻ തമിഴ് കൃതികൾ.

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.*

13. "വാനാമളവുമിരന്തേനേ"- മണ്ഡോദരി ഇരന്നതെന്ത്?

14. "കൊടികൊണ്ട തെംകു പുരിയിന്ന തെരുവിൽ
കൊടികൊണ്ട മന്മതൻ വില്ലൊച്ചയൊരെടം"- വിവരിക്കുക.

15. രാമചരിതത്തിന്റെ കാലം, കൃതിയുടെ ഘടന ഇവ വിവരിക്കുക.

16. "ചെന്നങ്ങുപൂകിനാർ വൻനരകംതന്നിൽ
പുണ്യമകന്നവരെന്നപോലെ" - സാരസ്യം വ്യക്തമാക്കുക.

17. പമ്പയെ തിരുനിഴൽമാല വർണ്ണിക്കുന്നതെങ്ങനെ ?

18. "മാരീചനും ഞമപുരി പുക്കാൻ" - സന്ദർഭം വിവരിക്കുക.

19. "മുന്നെയിതുവരുമെന്നുമേടം ....." മണ്ഡോദരി ഇപ്രകാരം പറയാൻ കാരണമെന്ത് ?

20. ചന്ദ്രോത്സവ കാവ്യം അവതരിപ്പിക്കുന്നതിലെ നാടകീയത വ്യക്തമാക്കുക.

21. "മനോഹരങ്ങളായ വർണ്ണനാവസനങ്ങൾ തൂക്കിയിടാനുള്ള അയക്കോൽ മാത്രമാണ് ചമ്പുക്കളുടെ പ്രമേയം".- നിരൂപണം ചെയ്യുക.

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.*

22. പാട്ടിന്റെ ലക്ഷണം എത്രത്തോളം രാമചരിതത്തിന് യോജിക്കുന്നു - നിരൂപണം ചെയ്യുക.

23. തിരുനിഴൽമാലയുടെ ഘടന പാഠഭാഗത്തെ മുൻനിർത്തി വിവരിക്കുക.

24. മണ്ഡോദരീവിലാപം എത്രത്തോളം ഭാവദീപ്തമായി രാമചരിതകാരൻ അവതരിപ്പിക്കുന്നു.-- സോദാഹരണം വ്യക്തമാക്കുക.

25. സാംസ്കാരികപഠനത്തിന് ലഭിച്ച അമൂല്യനിധിയാണ് ഉണ്ണുനീലീ സന്ദേശം - നിരൂപണം ചെയ്യുക.

(2×15=30)